വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.സി.സി. യൂണിറ്റുകൾ

122 (3883) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര സ്ക്കൂളുകളിലും കോളേജുകളിലും എൻ.സി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്നു വ്യക്തമാക്കുമോ ;

(ബി) എൻ.സി.സി.യുടെ പുതുക്കിയ പരിശീലന പാഠ്യ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) എൻ.സി.സി. നടത്തുന്ന സാമൂഹ്യ സേവന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഡി) എൻ. സി. സി. കേഡറ്റുകൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(ഇ) എൻ.സി.സി. ക്വാട്ടയിൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് എത്ര സീറ്റു വീതം നീക്കിവച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

(എഫ്) എൻ.സി.സി. പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 490 സ്ക്കൂളുകളിലും 227 കോളേജുകളിലും എൻ.സി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(ബി) സ്ഥാപനാധിഷ്ഠിതമായ പരിശീലനം :

1. പരേഡ്
2. ആയുധ പരിശീലനം
3. മാപ്പ് റീഡിംഗ്
4. ആരോഗ്യ ശുചീകരണ പരിശീലനം

എൻ.സി.സി. ക്യാമ്പ്

1. വാർഷിക പരിശീലനം
2. ദേശീയോദ്ഗ്രഥന ക്യാമ്പ്
3. റിപ്പബ്ലിക് ഡേ ക്യാമ്പ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാഹസിക പരിശീലന ക്യാമ്പ്

1. ട്രെക്കിംഗ്
2. റോക്ക് ക്ലയിബിംഗ്
3. പാരാസെയിലിങ്
4. സെയിലിങ് എക്സ്പെഡീഷൻ
5. മൗണ്ടനേറിംഗ് എക്സ്പെഡീഷൻ
6. സൈക്കിളിംഗ് എക്സ്പെഡീഷൻ

(സി) 2009-2010 വർഷത്തിൽ താഴെപ്പറയുന്ന സാമൂഹ്യക്ഷേമ പരിപാടികൾ എൻ.സി.സി. നടത്തിയിട്ടുണ്ട്.

1. സ്ത്രീധനത്തിനെതിരെയുള്ള ബോധവൽക്കരണം
2. ക്യാൻസർ രോഗത്തിനെതിരെയുള്ള ബോധവൽക്കരണം
3. വൃദ്ധസദനങ്ങൾ സന്ദർശിക്കൽ
4. പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കൽ
5. ട്രാഫിക് ബോധവൽക്കരണം
6. എയ്ഡ്സ് ബോധവൽക്കരണം
7. രക്തദാനം ക്യാമ്പ് സംഘടിപ്പിക്കൽ

(ഡി) എൻ.സി.സി. കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി., റ്റി.എച്ച്.എസ്.എസ്.എൽ.സി., +2, വി.എച്ച്.എസ്.ഇ. എന്നിവയ്ക്ക് 10% ഗ്രേസ് മാർക്കും ബിരുദത്തിനും, പോളിടെക്നിക്കിനും 5% മുതൽ 10% വരെ ഗ്രേസ് മാർക്കും നൽകുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനത്തിന് വെയിറ്റേജ് മാർക്ക് എൻ.സി.സി.യിൽ 75% കൂടുതൽ പരേഡിന് പങ്കെടുക്കുന്ന കുട്ടികൾക്കും, "A', "B', "C' എന്നീ സർട്ടിഫിക്കറ്റുകൾക്കും വെയിറ്റേജ് മാർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) മെഡിക്കൽ വിഭാഗത്തിന് 8-ഉം, എഞ്ചിനീയറിംഗ് വിഭാഗത്തിന് 30-ഉം പോളിടെക്നിക്ക് വിഭാഗത്തിന് 30-ഉം വീതം സീറ്റ് സംവരണം ചെയ്തിരിക്കുന്നു.

(എഫ്) കൂടുതൽ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും എൻ.സി.സി. വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അധികമായി ഒരു എയർവിംഗ് എൻ.സി.സി. കൂടി എറണാകുളം കേന്ദ്രമാക്കി അനുവദിച്ചിട്ടുണ്ട്.